# ശ്രീ. നെല്ലയ് ടി.വി. കൃഷ്ണമൂർത്തി

ശ്രീ. നെല്ലയ് ടി.വി. കൃഷ്ണമൂർത്തി അവർകൾ 23.11.1920–ൽ ശ്രീ വിശ്വനാഥ അയ്യരുടെയും ശ്രീമതി മുത്തുലക്ഷ്മി അമ്മാളുടെയും അഞ്ചാമത്തെ മകനായി, ത്രിമൂർത്തികൾക്കു ജന്മം നൽകിയ തിരുവാരൂരിൽ ജനിച്ചു. ശങ്കരനാരായണ ശർമ എന്നായിരുന്നു നാമകരണം ചെയ്തത്. എങ്കിലും കൃഷ്ണമൂർത്തി എന്നാണു വിളിക്കപ്പെട്ടിരുന്നത്. ഇദ്ദേഹത്തിനു മൂത്തതായി രണ്ടു സഹോദരന്മാരും മൂന്നു സഹോദരികളും ഇളയതായി ഒരു സഹോദരനും ഉണ്ടായിരുന്നു.

ഉത്കൃഷ്ട സംഗീത പാരമ്പര്യം സിദ്ധിച്ച ഇദ്ദേഹം 7–ാമത്തെ വയസ്സിൽ ശ്രീ ശങ്കരനാരായണ ഭാഗവതരുടെ കീഴിലും വയലിൻ വിദ്വാൻ ശ്രീ ശ്രീനിവാസൻ അവർകളുടെ കീഴിലും സംഗീതം അഭ്യസിച്ചുതുടങ്ങി. 9–ാമത്തെ വയസ്സു മുതൽ വലിയച്ഛനായ ഗായകശിഖാമണി ഹരികേശനല്ലൂർ ഡോ. എൽ. മുത്തയ്യാ ഭാഗവതരുടെ കീഴിൽ ഗുരുകുല വാസമായി സംഗീതം അഭ്യസിച്ചു. 12 വർഷത്തെ പഠനത്തിനു ശേഷം തിരുനെൽവേലിയിൽ വന്നു സാധകം ചെയ്തു തന്റേതായ ഒരു ശൈലി യുണ്ടാക്കി ശാരീരം നെയ്തെടുത്തു. 23–ാമത്തെ വയസ്സു മുതൽ കച്ചേരി പാടാൻ ആരംഭിച്ചു. തമിഴിൽ തിരുനെൽവേലി 'നെല്ലയ്' എന്നാണ് അറിയപ്പെടുന്നത്. അങ്ങനെ ഇദ്ദേഹം നെല്ലയ് കൃഷ്ണമൂർത്തി എന്ന് അറിയപ്പെട്ടു. ദക്ഷിണേന്ത്യയിലെ പ്രസിദ്ധിയാർജിച്ച സഭകളിലും അമ്പലങ്ങളിലും നവരാത്രിമണ്ഡപത്തിലും അനേകം തവണ കച്ചേരി നടത്തിയിട്ടുണ്ട്. 1944–ൽ മൈസൂർ പാലസിൽ കച്ചേരി ചെയ്ത് ശ്രീ ജയ ചാമരാജേന്ദ്ര ഉടയാരിൽനിന്നും സമ്മാനം നേടി. മുംബൈ, കൊൽകൊത്ത, ഡൽഹി, ഭിലായ്, ഹൈദരാബാദ് എന്നിങ്ങനെ ഇന്ത്യ മുഴുവനും അങ്ങോളമിങ്ങോളം കച്ചേരി നടത്തി പ്രശസ്തി നേടി. ഇദ്ദേഹത്തിന്റെ ബൃഗാശാരീരവും രാഗം, താനം, പല്ലവി, മനോധർമസ്വരം എന്നീ ശാഖകളിലുള്ള പ്രാവീണ്യവും ശ്രോതാക്കളെ വളരെയധികം ആകർഷിച്ചിരുന്നു. അദ്ദേഹത്തിന്റെ ഗംഭീരമായ ബൃഗാശാരീരത്തെക്കുറിച്ചും, അപൂർവ രാഗങ്ങളിലുള്ള കൃതികൾ അനായാസമായി പാടുന്ന രീതിയേയും പല പത്രങ്ങളിലും പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്.

ശൃംഗേരി സ്വാമികളെ ദർശിക്കാൻ ഗുരുവായ മുത്തയ്യാ ഭാഗവതരോടൊപ്പം പോയ അനുഭവം മറക്കാനാവാത്തതാണെന്ന് അദ്ദേഹം പറഞ്ഞുകേട്ടിട്ടുണ്ട്.

സ്വാമികളെക്കുറിച്ച് ഒരു കീർത്തനം ചിട്ടപ്പെടുത്തിയിട്ടുണ്ടെന്നും അതു പാടി കേൾപ്പിക്കാൻ താൽപര്യമുണ്ടെന്നും ഗുരു പറയുന്നതു കേട്ടു. വൈകുന്നേരം 3 മണിക്കു സമയം അനുവദിച്ചുകിട്ടി. ഉച്ചയ്ക്ക് ഊണു കഴിഞ്ഞു കിടക്കുമ്പോഴും ചെറുപ്പക്കാരനായ കൃഷ്ണമൂർത്തിയുടെ മനസ്സിൽ ഏതു കീർത്തനമാണ്, ഞാനെങ്ങനെ പാടും എന്നൊക്കെയുള്ള ചിന്തയായിരുന്നു. ചോദിക്കാൻ ധൈര്യമില്ലാതെ ഗുരുവിനെ ശുശ്രൂഷിച്ചുകൊണ്ടിരിക്കെ മേശപ്പുറത്തു വച്ചിരിക്കുന്ന 'ആനന്ദവികടൻ' എന്ന പുസ്തകം എടുത്തുകൊണ്ടുവരാൻ പറഞ്ഞു. ആ പുസ്തകത്തിന്റെ പുറകിലത്തെ പേജിൽ 'ജഗദ്ഗുരോ' എന്ന അഠാണ കൃതി സ്വരപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഗുരുവിന്റെ പക്കൽനിന്നും പഠിച്ചു മണിക്കൂറുകൾക്കകം ആവർത്തിച്ചു പാടി ശരിയാക്കി, സ്വാമികളുടെ മുന്നിൽ ഗുരുവിനോടൊപ്പം പാടി. ആ അവസരത്തിൽ, "ഈ കുട്ടി ആരാണ്, ഈ ബാലൻ അങ്ങയുടെ സ്ഥാനത്ത് എത്തും" എന്നു കന്നട ഭാഷയിൽ സ്വാമികൾ പറഞ്ഞപ്പോൾ ശ്രീ കൃഷ്ണമൂർത്തിക്ക് ഉള്ളിൽ ചിരി വന്നു. 'മുത്തയ്യാ ഭാഗവതരുടെ സ്ഥാനത്തു താൻ എത്തുകയോ' എന്നു ചിന്തിച്ചു. പക്ഷേ, ദീർഘദർശിയായ സ്വാമികളുടെ വാക്കു ഫലിച്ചു. സ്വാതിതിരുനാൾ കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പൽ പദം അലങ്കരിച്ചതു ശ്രീ മുത്തയ്യാ ഭാഗവതരാണ്. ശ്രീ നെല്ലയ് കൃഷ്ണമൂർത്തിയും റിട്ടയർ ചെയ്തത് അതേ പദവി അലങ്കരിച്ചശേഷമാണ്.

1934-ൽ ശ്രീ കാർത്തികത്തിരുനാളിന്റെ പള്ളിക്കെട്ടിനോടനുബന്ധിച്ചു 'ചിത്രോദയം' എന്ന പേരിൽ തിരുവിതാംകൂർ ചരിത്രം ഹരികഥയായി അവതരിപ്പിക്കാൻ ഗുരുവിനോടൊപ്പം ഇദ്ദേഹവും ഉണ്ടായിരുന്നു. വൈവസ്വത മനു മുതലുള്ള രാജാക്കന്മാരുടെ വൈശിഷ്ട്യം വിവരിക്കുന്നതിനിടയിൽ സ്വാതിതിരുനാൾ മഹാരാജാവിന്റെ ഭരണകാലത്തെ വർണിക്കുമ്പോൾ, സംഗീതത്തിന് അദ്ദേഹം നൽകിയിട്ടുള്ള മഹത്തായ സംഭാവനകളെ ചില കൃതികളോടുകൂടി വിവരിച്ചു. സംതൃപ്തയായ അമ്മ മഹാറാണി, സ്വാതിതിരുനാൾ മഹാരാജാവിന്റെ കൃതികൾ ശേഖരിച്ചു ചിട്ടപ്പെടുത്തുന്ന മഹദ് കൃത്യം മുത്തയ്യാ ഭാഗവതരെ ഏൽപ്പിച്ചു. ശ്രീ മുത്തയ്യാ ഭാഗവതർ ചിട്ടപ്പെടുത്തിയ സ്വാതി കൃതികൾ അദ്ദേഹത്തിനുതന്നെ തൃപ്തിയാകുന്നതുവരെ ആവർത്തിച്ചു പാടി ചിട്ടയാക്കിയശേഷം അതു കൊട്ടാരത്തിൽ പാടി അംഗീകാരം വാങ്ങിയിട്ടാണ് അച്ചടിക്കാനായി നൽകുന്നത്. ശ്രീ നാരായണ ഭാഗവതർ, വിദ്വാൻ ശ്രീനിവാസൻ, ശ്രീ നെല്ലയ് കൃഷ്ണമൂർത്തി എന്നിവരാണു മേൽപ്പറഞ്ഞ രീതിയിൽ പാടിയിരുന്നത് (1934-1938). സ്വാതിതിരുനാൾ മഹാരാജാവിന്റെ കൃതികൾ പ്രചാര

ത്തിൽ വരാനുള്ള മാർഗമായി ശ്രീ മുത്തയ്യാ ഭാഗവതർ നിർദേശിച്ചതനുസരിച്ച് 1939–ൽ സ്വാതിതിരുനാൾ സംഗീതകലാശാല ആരംഭിച്ചു.

26–ാമത്തെ വയസ്സിൽ സഹോദരീപുത്രിയായ എസ്. ഗോമതിയമ്മാളെ വിവാഹം കഴിച്ചു. സംഗീതജ്ഞ എന്നതിനു പുറമെ കീർത്തനങ്ങൾ രചിക്കുന്നതിലും; അഭംഗങ്ങൾ, സദാശിവ ബ്രഹ്മേന്ദ്ര കൃതികൾ എന്നിവ ഈണം നൽകി പഠിപ്പിക്കുന്നതിലും; രാധാകല്യാണം, ദീപപ്രദക്ഷിണം എന്നീ ഭക്തി സാധനകളിലും മികവുള്ള ജീവിത പങ്കാളിയായിരുന്നു അവർ. ഈ ദമ്പതികൾക്ക് അഞ്ചു മക്കളാണ്. മൂത്ത മകൾ ശ്രീമതി രാജലക്ഷ്മി നാരായണസ്വാമി (ഗാനപ്രവീണ – വീണ) അഹമ്മദാബാദിൽ ക്ലാസ്സുകൾ നടത്തുകയും (വായ്പ്പാട്ട്, വീണ, ഭജന) അമ്മയുടെ പിൻഗാമിയായി ദിവ്യനാമം, സൗന്ദര്യലഹരി ഭാഷ്യം എന്നിവ നടത്തുകയും ചെയ്യുന്നു. രണ്ടാമത്തെ മകൻ ശ്രീ കെ. വിശ്വനാഥൻ 'എ' ഗ്രേഡ് വയലിനിസ്റ്റാണ്. കോഴിക്കോട് റേഡിയോ നിലയത്തിലെ റിട്ടയേഡ് ആർട്ടിസ്റ്റുമാണ്. തന്റെ മൂത്ത സഹോദരന്റെ ഛായയും അദ്ദേഹത്തെപ്പോലെതന്നെ വയലിൻ വായനയിൽ താൽപര്യവും ഉള്ളതുകൊണ്ട് ശ്രീ കൃഷ്ണമൂർത്തിക്കു വിശ്വനാഥനോടു പ്രത്യേക സ്നേഹമായിരുന്നു. രാത്രി ഒന്നൊന്നര മണി വരെ പാടി വിശ്വനാഥനെ മികച്ച വയലിനിസ്റ്റായി വാർത്തെടുക്കുന്നതിനുവേണ്ടി അദ്ദേഹം പാടുപെട്ടിട്ടുള്ളത് ഇന്നും തിരുവനന്തപുരത്തെ ഗ്രാമവാസികൾക്കു പറയാനാവും. നട്ടുച്ച വെയിലത്തു സൈക്കിൾ ചവുട്ടി 'സ്റ്റാഡിവേറിയസ് വയലിൻ' വാങ്ങാൻ പോയതൊക്കെ മറക്കാനാവാത്ത അനുഭവങ്ങളായിരുന്നു എന്ന് അദ്ദേഹം പറഞ്ഞുകേട്ടിട്ടുണ്ട്.

മൂന്നാമത്തെ മകൾ ഡോ. കെ. ജയലക്ഷ്മി എറണാകുളം മഹാരാജാസ് കോളേജിൽ സംഗീത വിഭാഗം മേധാവിയായിരിക്കെ 2009 മാർച്ചിൽ റിട്ടയർ ചെയ്തു. ഇന്നും സംഗീത സപര്യ തുടരുന്നു (വായ്പ്പാട്ട്, വീണ ക്ലാസ്സുകൾ, സംഗീത പ്രഭാഷണം, സെമിനാറുകൾക്ക് ലക്ചർ ഡമോൺസ്ട്രേഷൻ എന്നിവ). നാലാമത്തെ മകൾ ശ്രീമതി സരസ്വതി ശങ്കർ പിന്നണി ഗായികയും തിരുവരന്തപുരത്തു വീണ, വായ്പ്പാട്ട്, ഭജന എന്നിവയുടെ ക്ലാസ്സുകൾ നടത്തുന്ന വ്യക്തിയുമാണ്. അഞ്ചാമത്തെ മകൻ ശ്രീ ശ്രീനിവാസൻ മൃദംഗം, തബല, ജാസ് തുടങ്ങി എല്ലാ വിധ കൊട്ടു വാദ്യങ്ങളും (പെർകഷൻ ഇൻസ്ട്രമെന്റ്) കൈകാര്യം ചെയ്യുന്നതിൽ പ്രഗത്ഭനാണ്. തബല, മൃദംഗം, ഘടം എന്നിവയിൽ ആകാശവാണിയുടെ ഗ്രേഡ്

ഉള്ള ആർട്ടിസ്റ്റ് ആയ ഇദ്ദേഹം കേരളത്തിൽ ഗസൽ പരിപാടികൾ പരിചയപ്പെടുത്തുകയും തുടർന്നു നടത്തിവരുകയും ചെയ്യുന്നു.

26-ാമത്തെ വയസ്സിൽ മഹാറാണി സേതു പാർവതീഭായിയും കാർത്തികത്തിരുനാൾ മഹാരാജാവും ശ്രീ കൃഷ്ണമൂർത്തി അവർകളെ തിരുവന്തപുരത്തേയ്ക്കു വരുത്തി സ്വാതിതിരുനാൾ സംഗീതകലാശാലയിൽ അധ്യാപകനായി നിയമിച്ചു.

1959-ൽ 'നാദ ഔഷധം' എന്ന പേരിൽ ഒരു സംഗീത നാടകം എഴുതി സ്വാതി തിരുനാൾ അക്കാദമിയിൽ അവതരിപ്പിച്ചു. മ്യൂസിക് തെറാപ്പി എന്ന് ഇപ്പോൾ ഗവേഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ വർഷങ്ങൾക്കുമുമ്പുതന്നെ ഇദ്ദേഹത്തിന് ഈ നാടകത്തിലൂടെ സ്ഥാപിക്കാൻ സാധിച്ചു. ഭിഷഗ്വരന്മാർ കൈവെടിഞ്ഞ, തളർവാതം പിടിപെട്ട കാരണവർ യാദൃച്ഛികമായി പേരക്കുട്ടികളെ സംഗീതം അഭ്യസിപ്പിക്കുന്നതു മാസങ്ങളോളം ശ്രവിക്കാനിടയായി. ഇതിന്റെ ഫലമായി കാരണവർക്ക് ആരോഗ്യസ്ഥിതി മെച്ചപ്പെടുകയും പൂർണമായും സുഖം പ്രാപിച്ചു നടക്കാൻ സാധിക്കുകയും ചെയ്തു എന്നതാണ് കഥാസാരം. ഇപ്പോൾ പ്രശസ്ത സംഗീതജ്ഞയായ ശ്രീമതി പാൽക്കുളങ്ങര അംബികാദേവി തുടങ്ങിയവരാണ് പ്രസ്തുത നാടകത്തിൽ പാടി അഭിനയിച്ച വിദ്യാർഥിനികൾ.

1960 മുതൽ 63 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. അക്കാദമിയിൽ പ്രൊഫസറായിരുന്നു. തൃപ്പൂണിത്തുറ അക്കാദമിയിൽ ശ്രീ യേശുദാസ് വിദ്യാർത്ഥിയായിരിക്കെ ഒരവസരത്തിൽ ഒരു ഹിന്ദി ഗാനം ആലപിച്ചു. 'ശാരീരം വളരെ നന്നായിട്ടുണ്ട്, പിന്നണി പാടാൻ ശ്രമിച്ചാൽ നന്നായിവരും' എന്ന് കഷ്ണമൂർത്തി സാർ തന്നെ വിളിച്ചു പറഞ്ഞു എന്നു 'സൂര്യ' നടത്തിയ 'ഗുരുപൂജ' എന്ന പരിപാടിയോടനുബന്ധിച്ച പ്രസ് കോൺഫറൻസിൽ ശ്രീ യേശുദാസ് പറയുകയുണ്ടായി.

ആദ്യകാലങ്ങളിൽ സിനിമയിൽ സംഭാഷണം സംഗീതത്തിലൂടെയായിരുന്നു. മുപ്പത്തഞ്ചിലേറെ ഗാനങ്ങൾ ഒരു സിനിമയിലുണ്ടാകും. ശ്രീ ഹരികേശനല്ലൂർ മുത്തയ്യാ ഭാഗവതർ രചിച്ചു സംഗീതം നൽകിയ 'സംഗീത ലവകുശ', 'രാധാകൃഷ്ണ', 'തിരുജ്ഞാനസംബന്ധർ', 'വള്ളീകല്യാണം' എന്നീ സിനിമകളിൽ ശ്രീ നെല്ലയ് കൃഷ്ണമൂർത്തി രണ്ടരക്കട്ട ശ്രുതിയിൽ പാടി അഭിനയിച്ചിട്ടുണ്ട്. ശ്രീ. എ.വി. മെയ്യപ്പ ചെട്ടിയാരുടെ സ്റ്റുഡിയോയിലാണു ചിത്രീകരണം നടന്നത്. 'ലവകുശ'യിൽ ലവനായും 'രാധാകൃഷ്ണ'യിൽ കൃഷ്ണനായും (ശ്രീമതി സന്താനലക്ഷ്മിയാണു

രാധയായി കൂടെ അഭിനയിച്ചത്) 'തിരുജ്ഞാനസംബന്ധരി'ൽ നമ്മാൾവാരായും 'വള്ളീകല്യാണ'ത്തിൽ മുരുകനായും ഇദ്ദേഹം പാടി അഭിനയിച്ചു. ശിവാജിഗണേ ശനും ഇദ്ദേഹവും ഒരേ കാലഘട്ടത്തിൽ അഭിനയം ആരംഭിച്ചുവെങ്കിലും (ബോയ്സ് കമ്പനിയിൽ) ഇദ്ദേഹത്തിന്റെ സംഗീതത്തോടുള്ള അഭിനിവേശംകൊണ്ട് അഭിനയം തുടർന്നില്ല.

ശ്രീ നെല്ലയ് കൃഷ്ണമൂർത്തി, സ്വാതിതിരുനാൾ കോളേജിൽ അധ്യാപകനായും തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ്, സ്വാതിതിരുനാൾ കോളേജ് എന്നിവിടങ്ങ ളിൽ പ്രിൻസിപ്പലായും ആകെ 35 വർഷത്തെ സേവനമനുഷ്ഠിച്ച് 1976 മാർച്ച് 31-ാം തിയതി സർവീസിൽനിന്നും വിരമിച്ചു.

1950 മുതൽ 'എ' ഗ്രേഡ് ആർട്ടിസ്റ്റായി 'രാഗം-താനം-പല്ലവി', 'കോൺസർട്ട്' എന്നിവ തിരുവനന്തപുരം ആകാശവാണിയിൽ അവതരിപ്പിച്ചിരുന്നു (1950-2006). ആൾ ഇന്ത്യാ റേഡിയോയിൽ റേഡിയോ സംഗീത സമ്മേളനം, നാഷനൽ പ്രോഗ്രാം, നാഷനൽ ചാനൽ എന്നിവ അവതരിപ്പിച്ചു. 1992-ൽ 'എ-ടോപ്' ഗ്രേഡ് ആയി. 1998-ൽ തുടർച്ചയായുള്ള 50 വർഷത്തെ സേവനത്തിനു തിരുവന്തപുരം ആകാശ വാണിയിൽനിന്നു ബഹുമാനിക്കപ്പെട്ടു.

1991-ൽ കേരള കലാമണ്ഡലം ഇദ്ദേഹത്തെ ബഹുമാനിച്ചു. 1994-ൽ കേരള സർവകലാശാല ആദരിച്ചു. 1995-ൽ സ്വാതിതിരുനാൾ സംഗീത സഭയിൽ 'ഗായക രത്നം' നൽകി ബഹുമാനിച്ചു. 1999-ൽ തിരുവനന്തപുരം റോട്ടറി ക്ലബ്, സംഗീത ത്തിലെ അനിതരസാധാരണമായ സേവനത്തിന് ആദരിച്ചു. 2001-ൽ കേരളാ ഗവൺമെന്റ്, സംഗീതലോകത്തിനു നൽകിയ മഹത്തായ സേവനത്തെയും സംഭാ വനകളെയും മാനിച്ച് 'മാനവീയം - പ്രതിഭാ പ്രണാമം' നൽകി ആദരിച്ചു. അതേ വർഷംതന്നെ 'നാഷണൽ സെന്റർ ഫോർ ദി പെർഫോർമിംഗ് ആർട്ടിസ്റ്റ്സ് - ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് വർക്ക്, മുംബൈ'ക്കുവേണ്ടി ശ്രീ മുത്തയ്യാ ഭാഗവത രുടെ കൃതികൾ മാത്രം ഉൾക്കൊള്ളുന്ന 2 മണിക്കൂർ നീണ്ട കച്ചേരി നടത്തി. ഇതിന്റെ ഓഡിയോ ഇന്നും സംഗീതസംബന്ധമായ റിസർച്ചിന് പ്രസ്തുത സ്ഥാപന ത്തിൽ ലഭ്യമാണ്.

2002-ൽ സംഗീത-നാടക അക്കാഡമിയുടെ ഫെല്ലോഷിപ്പ് ലഭിച്ചു. അക്കൊല്ലം തന്നെ തൃശ്ശൂർ 'ശ്രുതിഭാരതി'യിൽനിന്നും 'സംഗീതരത്ന' അവാർഡു നൽകി

ബഹുമാനിക്കപ്പെട്ടു. നാഷണൽ നെറ്റ്‌വർക്ക് പ്രോഗ്രാമിൽ പരിപാടി അവതരിപ്പിച്ചിട്ടുണ്ട്. എ.ഐ.ആർ. മേജർ ഓഡിഷൻ ബോർഡ് മെംബർ ആയിരുന്നു (20 വർഷത്തിലധികം). കോളേജ് അധ്യാപകരുടെ നിയമനത്തിൽ പി.എസ്.സി. സബ്ജക്ട് എക്സ്പർട്ട് ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട് (1972 മുതൽ 1983 വരെ). സ്റ്റേറ്റ് യൂത്ത് ഫെസ്റ്റിവലിൽ അനേക വർഷം സ്കൂൾ തലത്തിലും കോളേജ് തലത്തിലും ജഡ്ജ് ആയി നീതി പുലർത്തിയിട്ടുണ്ട്.

1991-ൽ ഹെൽപ്പേജ് ഇന്ത്യ തിരുവനന്തപുരത്തു നടത്തിയ സ്മൈലിംഗ് കോണ്ടസ്റ്റിൽ 'ഗ്രാൻപാ കിംഗ്' ആയി തിരഞ്ഞെടുക്കപ്പെട്ടു.

സിംഹംപോലെ ഗംഭീരമായ നടയും സത്യസന്ധമായ, അതേസമയം ഗംഭീരമായ, സംഭാഷണശൈലിയും ഒരു പ്രിൻസിപ്പൽ എന്ന നിലയിൽ അദ്ദേഹത്തിനു തനതായ ഒരു സ്ഥാനം നേടിക്കൊടുത്തു.

സ്വന്തം കാര്യത്തിനുവേണ്ടിയോ, മക്കൾക്കുവേണ്ടിയോ ആരുടെ മുന്നിലും ശുപാർശയുമായി ഇദ്ദേഹം പോകാറില്ല. ആർക്കുവേണ്ടിയും സത്യസന്ധമായി സധൈര്യം മുഖം നോക്കാതെ പറയാൻ ധൈര്യപ്പെട്ടിരുന്നു. അതുപോലെ ഏതു കാര്യത്തിനും ശുപാർശയുമായി വളഞ്ഞ വഴിയിലൂടെ കാര്യം നേടാൻ ഇദ്ദേഹത്തെ സമീപിക്കാൻ ആരുംതന്നെ ധൈര്യപ്പെട്ടിരുന്നില്ല.

മികവുറ്റ അധ്യാപകൻ, കിടയറ്റ സംഗീതജ്ഞൻ, പേരുകേട്ട ഭരണാധികാരി എന്നിങ്ങനെ വിവിധ മേഖലകളിൽ തന്റെ മികവു തെളിയിച്ചുട്ടുള്ള ഇദ്ദേഹം മുത്തയ്യാ ഭാഗവതരാൽ ചിട്ടപ്പെടുത്തപ്പെട്ട (സമ്പൂർണ രാഗങ്ങളിലും, 'ഉമാഭരണം', 'പുഷ്പലതിക', 'കുന്തളവരാളി' മുതലായ അപൂർവ രാഗങ്ങളിലും) സ്വാതിതിരുനാൾ കൃതികളും മുത്തയ്യാ ഭാഗവതരുടെ 'ഊർമിക', 'മനോരമ' തുടങ്ങിയ കൃതികളും പാടി പ്രചരിപ്പിക്കുന്നതിൽ പ്രത്യേകം താൽപര്യം പ്രകടിപ്പിച്ചിരുന്നു.

ഇന്ത്യയിൽ ഇന്നു പ്രഗത്ഭരായി തിളങ്ങുന്ന ശ്രീ കെ.ജെ. യേശുദാസ്, ശ്രീ പെരുമ്പാവൂർ ജി. രവീന്ദ്രനാഥ്, ശ്രീ തിരുവിഴ ജയശങ്കർ, ശ്രീ വെങ്കിട്ടരമണൻ പോറ്റി, ഡോ. ഓമനക്കുട്ടിയമ്മ, ശ്രീമതി ജയലക്ഷ്മി ശ്രീനിവാസൻ, ശ്രീ നെയ്യാറ്റിൻകര വാസുദേവൻ, ശ്രീ എം.ജി. രാധാകൃഷ്ണൻ, ശ്രീമതി ജി. സീതാലക്ഷ്മി, ശ്രീ പ്രഭാകരവർമ തുടങ്ങിയവരും കൂടാതെ മൂന്നു സംഗീത കോളേജുകളിലും

അധ്യാപകരായി റിട്ടയർ ചെയ്തവരും, ശ്രീമതി ഭുവനേശ്വരി മധുസൂദനൻ, ഡോ. സിന്ധു, ഡോ. സജി, ഡോ. മോഹനാ ശർമ എന്നിങ്ങനെ ഇന്നു സർവീസിലുള്ളവരും കൃഷ്ണമൂർത്തിസാറിന്റെ ശിഷ്യഗണത്തിൽ പെട്ടവരാണ്. ആയിരക്കണക്കിനു ശിഷ്യപരമ്പരകളെ സംഗീതലോകത്തിന് ഇദ്ദേഹം സംഭാവന ചെയ്തിട്ടുണ്ട്.

സ്വാതിതിരുനാൾ സംഗീത കലാശാലയിൽ പ്രിൻസിപ്പലായിരിക്കെ, താമസ സൗകര്യം ലഭ്യമാകാതെ (സാധാരണ ഹോസ്റ്റലുകളിൽ സംഗീത വിദ്യാർഥീവിദ്യാർഥിനികളെ താമസിപ്പിച്ചാൽ സാധകം ചെയ്യാൻ ബുദ്ധിമുട്ടാണ്) വിഷമിക്കുന്ന കുട്ടികൾക്കു കോളേജിനോടു ചേർന്നു ഹോസ്റ്റൽ ആരംഭിക്കുവാനുള്ള അനുമതി വാങ്ങി. ലേഡീസ് ഹോസ്റ്റലിന് ആവശ്യമായ പ്ലാൻ വരപ്പിച്ചു വേണ്ട നടപടികൾ സ്വീകരിച്ചു.

കോളേജിന്റെ രജതജൂബിലിയോടനുബന്ധിച്ചു സ്വാതിതിരുനാൾ സംഗീത കോളേജ് ഓഡിറ്റോറിയത്തിനു ഐ.എ.എസ്. ശങ്കരനാരായണ അയ്യരുടെ അഭിപ്രായ പ്രകാരം 'ഹരികേശനല്ലൂർ ഡോ. എൽ. മുത്തയ്യാ ഭാഗവതർ മെമ്മോറിയൽ ഹാൾ' എന്ന പേരു നൽകി. ശ്രീ മുത്തയ്യാ ഭാഗവതരുടെ പ്രതിമ സ്ഥാപിക്കുകയും ചെയ്തു.

ശ്രീ കൃഷ്ണമൂർത്തി, തന്റെ മൂത്ത മകളായും പ്രഥമ ശിഷ്യയായും വളർത്തിയെടുത്ത ശ്രീമതി എസ്. രുഗ്മിണി ഗോപാലകൃഷ്ണൻ (സഹോദരീപുത്രി) വീണയിൽ 'എ-ടോപ്' ആർട്ടിസ്റ്റാണ്. പാലക്കാട് ചെമ്പൈ മെമ്മോറിയൽ മ്യൂസിക് കോളേജിൽനിന്നും പ്രിൻസിപ്പലായി വിരമിച്ച ഇവർ 18-ാമത്തെ വയസ്സിൽ, ഇന്ത്യയുടെ ആദ്യത്തെ പ്രസിഡന്റായ രാജേന്ദ്രപ്രസാദിൽനിന്നും ആദ്യത്തെ ആൾ ഇന്ത്യാ റേഡിയോ മത്സരത്തിൽ സമ്മാനം കരസ്ഥമാക്കിയ വൈണിക വിദുഷിയാണ്.

സ്വാതിതിരുനാൾ കൃതികൾ ശേഖരിച്ചു ചിട്ടപ്പെടുത്തി, പ്രസ്തുത കൃതികളെ പ്രചരിപ്പിക്കുന്നതിനായി സ്വാതിതിരുനാൾ സംഗീത കോളേജ് ആരംഭിക്കുന്നതു വരെ, ശ്രീ മുത്തയ്യാ ഭാഗവതരുടെ കുടെ ഉണ്ടായിരുന്ന ശ്രീ നെല്ലയ് കൃഷ്ണമൂർത്തി, അദ്ദേഹത്തിന്റെ കച്ചേരികളിലൂടെ നിരവധി സ്വാതി കൃതികൾ പ്രചരിപ്പിക്കുകയും ചെയ്തു.

2003-ൽ ശ്രീ കൃഷ്ണമൂർത്തി അവർകൾ, ബ്ലഡ് യൂറിയ അധികമായതിനെ തുടർന്നു തിരുവനന്തപുരം പി.ആർ.എസ്. ഹോസ്പിറ്റലിൽ തീവ്ര പരിചരണ വിഭാഗ

ത്തിൽ (സി.സി.യു) ഒരാഴ്ച കഴിയേണ്ടിവന്നു. ആ അവസരത്തിലും നഴ്സുമാരെ ശങ്കരാഭരണ രാഗം പഠിപ്പിച്ചതും, നിത്യ ജപങ്ങൾ ഉരുവിട്ടതും, 'റേഡിയോ നിലയ ത്തിൽ ശ്രീ വെങ്കിടാചലവും ശ്രീ സുരേന്ദ്രനും എത്തി, തനിക്കു റെക്കാർഡിങ്ങിനു പോകണം' എന്നു വാശിപിടിച്ചതും ഒക്കെ ഒരിക്കലും മറക്കാൻ കഴിയില്ല.

2005 ഓഗസ്റ്റ് മുതൽ അൽപം അസുഖം ബാധിച്ചുവെങ്കിലും ആ സിരകളിൽ സംഗീതം മാത്രമേ ഉണ്ടായിരുന്നുള്ളൂ. മരിക്കുന്നതിനു രണ്ടാഴ്ച മുമ്പു പോലും 'സാവേരി' രാഗം പാടി 'ശങ്കരി ശങ്കുരു' എന്ന കൃതി ആലപിക്കാൻ മക്കളോട് ആവ ശ്യപ്പെട്ടു. ഞങ്ങൾ അനുസരിച്ചു. 'സുഖിയവ്വരോ' എന്ന കൃതിയിൽ ഒരു സംഗതി വിട്ടുപോയപ്പോൾ അതു പാടിക്കാണിച്ചു. മരണംവരെയും ശാരീര ഗാംഭീര്യത്തിന് ഒരു മങ്ങലുമേൽക്കാതെ, ഗുരുവിന്റെ പൂർണ അനുഗ്രഹം നേടിയ ഒരു അനശ്വര പ്രതിഭതന്നെയായിരുന്നു അദ്ദേഹം എന്നതിൽ സംശയമില്ല.

മരണംവരെയും തന്റെ ശിഷ്യഗണങ്ങളെയും ബന്ധുക്കളെയും തിരിച്ചറിഞ്ഞു കാര്യങ്ങൾ സംസാരിക്കാനും സംഗീതത്തെക്കുറിച്ചു വ്യക്തമായ അഭിപ്രായങ്ങൾ കൈമാറാനും സാധിച്ച ഇദ്ദേഹം എല്ലാവരെയും ഒരുപോലെ പൂർണ മനസ്സോടെ അനുഗ്രഹിച്ചിട്ടുണ്ട്. സംഗീതത്തിനുവേണ്ടി ജീവിതം സമർപ്പിച്ച ഇദ്ദേഹം 2006 ജനുവരി 25-ാം തീയതി ബുധനാഴ്ച രാവിലെ 5 മണിക്കു മകൾ സരസ്വതി ശങ്കറിന്റെ വസതിയിൽ വച്ച് ഇഹലോകവാസം വെടിഞ്ഞു.

ജന്മംകൊണ്ടു തമിഴ്നാട്ടുകാരനാണെങ്കിലും ജീവിതത്തിന്റെ 75 കൊല്ലത്തോളം കേരളത്തിൽ സംഗീതത്തോടൊപ്പം ചെലവഴിച്ച്, സ്വാതിതിരുനാൾ കൃതികൾ ശേഖ രിച്ചു സ്വരൂപം നൽകിയ സംരംഭത്തിൽ പങ്കാളിയും, 35 വർഷത്തിലേറെ സ്വാതി തിരുനാൾ സംഗീത കോളേജിൽ അധ്യാപകനും, കച്ചേരികളിലൂടെയും ശിഷ്യപരമ്പര കളിലൂടെയും സ്വാതി കൃതികൾ പ്രചരിപ്പിച്ച സംഗീതജ്ഞനും ആയ ഇദ്ദേഹത്തേ ക്കാൾ സ്വാതി അവാർഡു നേടുന്നതിന് അർഹതയുള്ള മറ്റൊരു വ്യക്തി ഉണ്ടോ എന്ന ചോദ്യം ഇന്നും നിലനിൽക്കുന്നു.

--- * --- * ---